**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431** **02-11-2021 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന സുപ്രീം കോടതി വിധി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന ബഹു. സുപ്രീം കോടതിയുടെ WP( C ) No. 213/2011-ലെ 10.01.2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ബഹു.സുപ്രീം കോടതിയുടെ 03.07.2019 ലെ സിവിൽ കോടതിയലക്ഷ്യ ഹർജിയിലെ 1920/2017 നമ്പർ ഉത്തരവ് പ്രകാരവും 3014 ദുരിതബാധിതർക്കായി 119.34 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായുള്ള മൂളിയാർ പുനരധിവാസ ഗ്രാമത്തിന്റെ തറക്കല്ലിടൽ കഴിഞ്ഞു. ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ആണ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 1) ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു. സുപ്രീംകോടതിയുടെയും ഉത്തരവുകൾ പ്രകാരം 3014 ദുരിതബാധിതർക്ക് 119.34 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. 2) കേരള സാമൂഹ്യ സുരക്ഷാമിഷൻ, മുഖേന പ്രതിമാസ പെൻഷൻ നൽകി വരുന്നു. 3) ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പെൻഷൻ നൽകി വരുന്നു. 4) നിബന്ധനകൾക്ക് വിധേയമായി, എൻഡോസൾഫാൻ കടാശ്വാസ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി ദുരിതബാധിത കുടുംബത്തിന്റെ 3 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾ എഴുതിത്തള്ളൽ. 5) ഭൂരഹിതരായ ദുരിതബാധിതർക്ക് സാഫല്യം ഭവന പദ്ധതി പ്രകാരം ഭൂമിയും വീടും. 6) ദുരിതബാധിതരായ കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും യാത്രക്ക് വാഹനങ്ങളും 7) കേരളത്തിലും കർണ്ണാടകത്തിലുമായി തെരഞ്ഞെടുക്കപ്പെട്ട 17 ആശുപത്രികളിൽ സൗജന്യ ചികിത്സ. 8) ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് +2 വരെ വിദ്യാഭ്യാസ സ്കോളർഷിപ്പ്. 9) സൗജന്യ റേഷൻ. 10) 200 യൂണിറ്റ് വരെ വൈദ്യുതി നിരക്കിൽ ഇളവ്. 11) ദുരിതബാധിതരുടെ ക്ഷേമത്തിനായി ICDS സൂപ്പർവൈസർമാരുടെ സേവനം. 12) ദുരിതബാധിതരെ വീടുകളിലെത്തി പരിശോധിക്കുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റ്. 13) ചികിത്സയ്ക്ക് യാത്രാ സൗകര്യം. 14) ഓണത്തിന് 1000/- രൂപ നിരക്കിൽ ഒറ്റത്തവണ ധനസഹായം 15) ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം. 16) ദുരിതബാധിത പ്രദേശങ്ങളിൽ നബാർഡ്- ആർ.ഐ.ഡി.എഫ്. അധിഷ്ഠിത വിവിധ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ